## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.804 30.10.2019 -ലെ മറുപടിക്ക്**

**<u>അംബേദ്കർ ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മണലൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള മുല്ലശ്ശേരി പഞ്ചായത്തിലെ മതുക്കര, ചൂണ്ടൽ പഞ്ചായത്തിലെ പെരുമല എന്നീ എസ്.സി. കോളനികളിൽ ഇനി ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടോയെന്നും എങ്കിൽ ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | (എ) | മണലൂർ നിയോജക മണ്ഡലത്തിലെ മതുക്കര കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 6 പദ്ധതികളിൽ 3 സോളാർ സ്ട്രീറ്റ് ലൈറ്റ്, ഒരു ഹൈമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥല ലഭ്യതയുടെ അഭാവത്താൽ ആരംഭിച്ചിട്ടില്ല. മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. എസ്റ്റിമേറ്റിൽ ഒഴിവാക്കിയ പ്രവൃത്തികൾക്കു പകരമായി പുതിയ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്നതിനായി 21.10.2019-ൽ മോണിട്ടറിംഗ് കമ്മറ്റി യോഗം ചേർന്ന് മേൽ പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പെരുമല പട്ടികജാതി കോളനിയിൽ നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം ദേവസ്വം ഭൂമി ആയതിനാൽ നിർമ്മാണ പ്രവൃത്തികൾക്ക് പരിഗണിക്കാനാകില്ല. |
| (ബി) | 2019-20 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണലൂർ എം.എൽ.എ ശിപാർശചെയ്ത ഇറിഗേഷൻ എസ്.സി. കോളനിയെ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | പ്രസ്തുത ശുപാർശ 09/10/2019 ലെ ഡെവ-ഡി1-4514/19 നമ്പർ നടപടി ക്രമപ്രകാരം 2019-20-ലെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ